# (iii) പ്രപഞ്ചദർശനം

പ്രപഞ്ചത്തിന് രണ്ടു തലങ്ങളുണ്ട്. ഗോചരപ്രപഞ്ച(ആലമുശ്ശഹാദഃ)വും അഗോചര പ്രപഞ്ച(ആലമുൽ ഗൈബ്)വും. ഇന്ദ്രിയ ഗോചരമായ പദാർഥലോകമാണ് ആലമുശ്ശഹാദഃ. അഭൗതികവും അതീന്ദ്രിയവുമായ ലോകം അഗോചര ലോക(ആലമുൽ ഗൈബ്)വും. ദുൻയാവ്, ആഖിറഃ (ഇഹലോകം, പരലോകം) എന്നും ഈ തലങ്ങളെ വ്യവഹരിക്കാറുണ്ട്. പഞ്ചേന്ദ്രിയങ്ങൾക്ക് അജ്ഞേയമായ അഗോചര ലോകത്തെക്കുറിച്ച്, ഇരു ലോകങ്ങളുടെയും അധിപനായ ദൈവം പറഞ്ഞുതരുന്നതെന്തോ അതു മാത്രമേ മനുഷ്യന്നറിയാൻ കഴിയൂ. അതീന്ദ്രിയ ലോകത്തെക്കുറിച്ചുള്ള അറിവുകൾ മനുഷ്യന്ന് ലഭിക്കാനുള്ള ഏക മാധ്യമം ശ്രുതി അഥവാ സത്യവാർത്ത (ഖബറുസ്സാദിഖ്) ആകുന്നു. സ്വർഗ-നരകങ്ങൾ, മലകുകൾ തുടങ്ങിയവ അഗോചര ലോകത്തിന്റെ ഭാഗമാണെന്ന് ഖുർആനിൽ നിന്ന് വ്യക്തമാകുന്നുണ്ട്. മരണാനന്തരം മനുഷ്യനും പരലോകത്തെത്തുകയും അവിടെ ശാശ്വതമായി ജീവിക്കുകയും ചെയ്യും.

ഇന്ദ്രിയ ഗോചരമായ ഭൗതിക പ്രപഞ്ചം പരിവർത്തന വിധേയമാകുന്നു. പരിവർത്തന വിധേയമായതെന്തും ആദിയും അന്ത്യവും ഉള്ളതായിരിക്കും. അതിനാൽ ഭൗതിക പ്രപഞ്ചം ഇല്ലായ്മയിൽനിന്നുളവായതും നശ്വരവുമാകുന്നു. ഒരിക്കൽ ഇല്ലാതിരുന്നത് പിന്നീട് ഉണ്ടാകുന്നതിന് ഒരു കാരണം അനിവാര്യമാകുന്നു. പ്രപഞ്ചത്തിന്റെ ആദികാരണം അല്ലാഹുവാകുന്നു.

ആദിയിൽ ഭൗമ പദാർഥം ദ്രവാവസ്ഥയിലും ആകാശം ധൂമാവസ്ഥയിലുമായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിച്ചിരിക്കുന്നു. ഈ അവസ്ഥയിൽനിന്ന് അവയെ ആകാശഭൂമികളായി പരിവർത്തിപ്പിച്ചത് ആറു ദശകളിലായിട്ടാണ്. ആറു ദിവസങ്ങൾ എന്നാണ് ഖുർആൻ ഉപയോഗിച്ച വാക്ക്. "അവനത്രെ (ദൈവം) ആകാശലോകത്തെയും ഭൂമിയെയും ആറു നാളുകളിലായി സൃഷ്ടിച്ചത്. അതിനു മുമ്പ് അവന്റെ സിംഹാസനം ജലത്തിന്മേലായിരുന്നു; നിങ്ങളിൽ നന്നായി കർമം ചെയ്യുന്നവരാരെന്നു പരീക്ഷിക്കുന്നതിനു വേണ്ടി"(11: 7). "അവൻ (ദൈവം) ആകുന്നു സർവ ലോകങ്ങളുടെയും നാഥൻ. അവൻ ഭൂമിക്കു മീതെ പർവതങ്ങളുറപ്പിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിച്ചു. ആവശ്യക്കാർക്കൊക്കെയും അവരുടെ ആവശ്യത്തിനും താൽപര്യത്തിനുമനുസരിച്ച് അതിനകത്ത് ആഹാര വിഭവങ്ങളൊരുക്കി വയ്ക്കുകയും ചെയ്തു. ഇതെല്ലാം നാലു നാളുകളിലായി നടന്നു. പിന്നെ അവൻ ആകാശത്തിനു നേരെ തിരിഞ്ഞു. അപ്പോഴത് ധൂമമായിരുന്നു. ആകാശത്തോടും ഭൂമിയോടും അവൻ കല്പിച്ചു. ഉണ്ടായി വരുവിൻ- നിങ്ങൾ ഇഛിച്ചാലും ഇല്ലെങ്കിലും. അവ ബോധിപ്പിച്ചു: ഞങ്ങളിതാ ആജ്ഞാനുവർത്തികളായി വന്നിരിക്കുന്നു. അങ്ങനെ അവൻ രണ്ടു നാളുകളിലായി സപ്തവാനങ്ങൾ വിതാനിച്ചു. ഓരോ വാനത്തിനും അതിന്റെ നിയമങ്ങൾ ബോധിപ്പിക്കുകയും ചെയ്തു. സമീപവാനത്തെ നാം ദീപാലംകൃതമാക്കി. തികച്ചും സുരക്ഷിതവുമാക്കി. ഇതൊക്കെയും സർവജ്ഞനായ ഒരു പരമ ശക്തന്റെ സംവിധാനമാകുന്നു"(41: 9-12). ഈ സൂക്തങ്ങൾ പരാമർശിക്കുന്ന 'ദിവസം' മനുഷ്യർ കണക്കാക്കുന്നതുപോലെ, ഭൂമി അതിന്റെ അച്ചുതണ്ടിൽ ഒരു വട്ടം കറങ്ങാൻ എടുക്കുന്ന 24 മണിക്കൂർ അല്ല. അല്ലാഹുവിങ്കലെ ഒരു നാൾ മനുഷ്യർ എണ്ണുന്ന പല സഹസ്രാബ്ദങ്ങളാണെന്ന് ഖുർആൻ ഒന്നിലേറെ തവണ അനുസ്മരിപ്പിക്കുന്നുണ്ട്. "അവങ്കലെ ഒരു നാൾ നിങ്ങൾ എണ്ണുന്ന ആയിരം സംവത്സരങ്ങൾക്കു തുല്യമത്രെ"(22: 47). "അമ്പതിനായിരം ആണ്ടിന്റെ ദൈർഘ്യമുള്ള ഒരു നാളിൽ മലകുകളും ആത്മാവുമെല്ലാം അവങ്കലേക്കുത്ക്രമിക്കുന്നു"(70: 4).

ഈ വിധം സൃഷ്ടിച്ചു സംവിധാനിച്ച പ്രപഞ്ചം യാഥാർഥ്യമാകുന്നു; മിഥ്യയോ മായയോ അല്ല. വെറും ലീലാവിലാസവുമല്ല. "അല്ലാഹുവാകുന്നു സൂര്യനെ പ്രകാശദായകമാക്കിയതും ചന്ദ്രനെ ശോഭിതമാക്കിയതും അതിന്റെ മണ്ഡലങ്ങൾ നിർണയിച്ചതും- അതുവഴി നിങ്ങൾ വർഷങ്ങളുടെയും തിയ്യതികളുടെയും കണക്കറിയേണ്ടതിന്. ഇതൊക്കെയും അല്ലാഹു യാഥാർഥ്യമായിത്തന്നെയാകുന്നു സൃഷ്ടിച്ചിട്ടുള്ളത്"(10:5). "ആകാശഭൂമികളെ അല്ലാഹു യാഥാർഥ്യമായി സൃഷ്ടിച്ചത് നിങ്ങൾ കാണുന്നില്ലേ?" (14:19). "ആകാശഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങൾ ഒന്നിനുപിറകെ ഒന്നായി തുടർന്നു വരുന്നതിലും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ ജപിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിയിൽ ചിന്തിക്കുകയും ചെയ്യുന്ന ബുദ്ധിമാൻമാർ പറഞ്ഞു പോകുന്നു: നാഥാ ഇതൊന്നും നീ

പ്രപഞ്ച സൃഷ്ടിയുടെ പൊരുളുകൾ സമ്പൂർണമായി അല്ലാഹു മനുഷ്യനെ അറിയിച്ചിട്ടില്ല. അതിന്റെ ചില ലക്ഷ്യങ്ങളേ അറിയിച്ചിട്ടുള്ളൂ. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ സക്രിയാവസ്ഥ എന്നതാണ് പ്രപഞ്ചത്തിന്റെ യാഥാർഥ്യം. പ്രപഞ്ചത്തിന്റെ പല ഗുണങ്ങളും മനുഷ്യനെ ഉദ്ദേശിച്ചു നല്കപ്പെട്ടതാണ്. മനുഷ്യനെ സൃഷ്ടിച്ചത് ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയായി വാഴുന്നതിനുവേണ്ടിയാണ്.

പ്രപഞ്ചത്തിനു മൊത്തത്തിലും ഓരോ സൃഷ്ടിക്കും പ്രത്യേകമായും അല്ലാഹു കൃത്യമായ ആയുസ്സ് നിശ്ചയിച്ചുവച്ചിട്ടുണ്ട്. യാതൊരു വസ്തുവിനും അതിന്റെ അവധിക്കപ്പുറം നിലനില്ക്കാനാവില്ല. "അല്ലാഹുവല്ലാതെ ദൈവമില്ല. അവനല്ലാത്തതൊക്കെയും നശ്വരമാകുന്നു"(28: 88). ഭൂമുഖത്തുള്ളവരൊക്കെയും നശിച്ചുപോകും. നിന്റെ നാഥന്റെ പ്രൗഢ ഗംഭീരമായ മുഖം മാത്രമേ എന്നെന്നും നിലനില്ക്കൂ"(55: 26). "അല്ലാഹു നിശ്ചയിച്ച അവധിയെത്തിയാൽ ഒട്ടും പിന്തിക്കപ്പെടുന്നതല്ല. അവർ അറിഞ്ഞെങ്കിൽ"(71: 4). "അവൻ ഒരു നിർണിത സമയം വരെ എല്ലാവർക്കും അവധി നല്കുന്നു. അവരവരുടെ അവധിയെത്തിയാൽ ആർക്കും ഒരു നിമിഷം പോലും മുന്തുവാനോ പിന്തുവാനോ സാധ്യമല്ല"(16: 61). "ആകാശഭൂമികളെ യാഥാർഥ്യമായും അവധി നിശ്ചയിച്ചുമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല"(46: 3). "സൂര്യചന്ദ്രാദി ഗോളങ്ങളെ അവൻ വിധേയപ്പെടുത്തിയിരിക്കുന്നു. എല്ലാം അവയുടെ നിശ്ചിത അവധിവരെ ചരിച്ചുകൊണ്ടിരിക്കും"(39: 5). ഭൗതിക പ്രപഞ്ചത്തിന്റെ നാശം സംബന്ധിച്ച് അഞ്ചാം വിശ്വാസ പ്രമാണത്തിന്റെ വിശദീകരണത്തിൽ വിസ്തരിച്ചു പരാമർശിച്ചിട്ടുണ്ട്.